

# മുഹമ്മദ് നബി



# മുഹമ്മദ് നബി

**മു**ഹമ്മദ് നബി ദൈവത്തിന്റെ അന്ത്യദൂതനാണ്. പ്രവാചക പരമ്പരയിലെ അവസാനകണ്ണി. ചരിത്രത്തിന്റെ തെളിഞ്ഞ വെളിച്ചത്തിലാണ് അദ്ദേഹം ജീവിച്ചത്. അതിനാല്‍ ആ ജീവിതം തുറന്നുവെച്ച പുസ്തകമാണ്. അതില്‍ അവ്യക്തതകളോ അസ്പഷ്ടതകളോ ഇല്ല. പ്രവാചകന്റേതുപോലെ ലോകത്ത് ഇന്നോളം ആരുടെയും ചരിത്രം രേഖപ്പെടുത്തപ്പെട്ടിട്ടില്ല. ആ മഹദ്ജീവിതത്തിലെ ചെറുതും വലുതും നിസ്സാരവും പ്രധാനവുമായ സംഭവങ്ങളിലൊന്നുപോലും അടയാളപ്പെടുത്തപ്പെടാതിരുന്നിട്ടില്ല. സഹധര്‍മിണിമാരുമായുള്ള സഹവാസത്തിന്റെ വിശദാംശങ്ങളുള്‍പ്പെടെ ആ ജീവിതത്തിലെ എല്ലാം ഏവര്‍ക്കും വായിച്ചെടുക്കാവുന്നതാണ്.

മുഹമ്മദ് നബിയുടെ പേരില്‍ ലോകത്തെവിടെയും സ്മാരകങ്ങളോ സ്തൂപങ്ങളോ ഇല്ല. ചിത്രങ്ങളോ പ്രതിമകളോ ഇല്ല. എന്നിട്ടും അദ്ദേഹത്തെപ്പോലെ അനുസ്മരിക്കപ്പെടുന്ന ആരുമില്ല. അനുകരിക്കപ്പെടുന്ന ഒരു നേതാവുമില്ല. ജനകോടികളുടെ ഹൃദയങ്ങളില്‍ അദ്ദേഹം ജീവിക്കുന്നു. അവരുടെ മുഴു ജീവിതചര്യകളിലും അദ്ദേഹത്തിന്റെ അദൃശ്യസാന്നിധ്യമുണ്ട്.

## മരുഭൂമിയിലെ മഹാത്ഭുതം

മുഹമ്മദ് നബി മക്കാ മരുഭൂമിയിലാണ് ജനിച്ചത്. പിറവിക്കുമുമ്പേ പിതാവ് അബ്ദുല്ല പരലോകം പ്രാപിച്ചു. ആറാമത്തെ വയസ്സില്‍ മാതാവ് ആമിനയും അന്ത്യശ്വാസം വലിച്ചു. പിതാവിന്റെ അഭാവത്തില്‍ പരിരക്ഷണം ഏറ്റെടുത്ത പിതാമഹന്‍ അബ്ദുല്‍ മുത്ത്വലിബും പ്രവാചകന് എട്ട് വയസ്സ് പൂര്‍ത്തിയാകുംമുമ്പേ വിടപറഞ്ഞു. പില്‍ക്കാല സംരക്ഷണബാധ്യത വന്നുചേര്‍ന്നത് പിതൃവ്യന്‍ അബൂത്വാലിബിലായിരുന്നു. അദ്ദേഹം സാമ്പത്തിക പ്രയാസമനുഭവിക്കുന്ന വ്യക്തിയായിരുന്നു. അതിനാല്‍ ദാരിദ്ര്യവും പ്രവാചകന്റെ കൂടപ്പിറപ്പായി.

ചെറുപ്രായത്തില്‍ തന്നെ ഇടയവൃത്തിയിലേര്‍പ്പെട്ട മുഹമ്മദ് നബിക്ക് അക്ഷരാഭ്യാസം നേടാന്‍ അവസരം ലഭിച്ചില്ല. എന്നാല്‍ അന്നാട്ടിലെ വൃത്തികേടുകള്‍ അദ്ദേഹത്തെ അല്‍പംപോലും സ്പര്‍ശി

ച്ചിരുന്നില്ല. അന്ധവിശ്വാസം, അനാചാരം, അധർമം, അശ്ലീലത, അക്രമം, അനീതി, മദ്യപാനം, വ്യഭിചാരം, കളവ്, ചതി ഇത്തരം ദുർവൃത്തികളിലൊന്നും വീഴാതെ അദ്ദേഹം ജീവിച്ചു. ജീവിതത്തിലൊരിക്കലും കള്ളം പറയാത്തതിനാൽ വിശ്വസ്തൻ എന്നർഥം വരുന്ന 'അൽ അമീൻ' എന്ന അപരനാമത്തിലാണ് അറിയപ്പെട്ടിരുന്നത്.

മക്ക കവികളുടെയും പ്രസംഗകരുടെയും സാഹിത്യകാരന്മാരുടെയും നാടായിരുന്നെങ്കിലും മുഹമ്മദ് നബി പാഠശാലകളിൽ പോവുകയോ മതചർച്ചകളിൽ പങ്കെടുക്കുകയോ സാഹിത്യ സദസ്സുകളിൽ സംബന്ധിക്കുകയോചെയ്തിരുന്നില്ല. നാൽപതു വയസ്സുവരെ അദ്ദേഹം ഒരൊറ്റ വരി ഗദ്യമോ പദ്യമോ രചിച്ചിരുന്നില്ല. പ്രസംഗകഴിവ് പ്രകടിപ്പിച്ചിരുന്നില്ല. സർഗസിദ്ധിയുടെ ലക്ഷണംപോലും കണ്ടിരുന്നില്ല.

മുഹമ്മദ് നബി നാൽപതാം വയസ്സിലേക്ക് പ്രവേശിച്ചതോടെ ധ്യാനത്തിലും പ്രാർഥനയിലും വ്യാപൃതനായി. മലിനമായ ജീവിതസാഹചര്യങ്ങളിൽനിന്ന് മാറി ഏകാന്തവാസം നയിക്കുകയാണ് നല്ലതെന്ന് തോന്നി. അങ്ങനെ മക്കയിൽനിന്ന് മൂന്നുകിലോമീറ്റർ വടക്കുള്ള ഒരു മലയിലെ ഹിറാഗുഹയിൽ തനിച്ചിരിക്കാൻ തുടങ്ങി. ഹിറാ ഗുഹയിൽ കഴിയവെ ഒരു ലിഖിതവുമായി മലക്ക് ജിബ്‌രീൽ അദ്ദേഹത്തെ സമീപിച്ചു. ജിബ്‌രീൽ കൽപിച്ചു: 'വായിക്കുക.' ഇതുകേട്ട നബി തിരുമേനി പ്രതിവചിച്ചു: 'എനിക്ക് വായിക്കാനറിയില്ല.' മലക്ക് വീണ്ടും വായിക്കാനാവശ്യപ്പെട്ടു. പ്രവാചകൻ തന്റെ മറുപടിയും ആവർത്തിച്ചു. മൂന്നാമതും വായിക്കാനാവശ്യപ്പെട്ടപ്പോൾ മുഹമ്മദ് നബി ചോദിച്ചു: എന്താണ് ഞാൻ വായിക്കേണ്ടത്?' അപ്പോൾ മലക്ക് ജിബ്‌രീൽ പറഞ്ഞു കൊടുത്തു: 'സൃഷ്ടിച്ച നിന്റെ നാഥന്റെ നാമത്തിൽ നീ വായിക്കുക. അവൻ മനുഷ്യനെ ഒട്ടിപ്പിടിച്ചതിൽനിന്ന് സൃഷ്ടിച്ചു. വായിക്കുക; നിന്റെ നാഥൻ അത്യുദാരൻ. പേനകൊണ്ട് പഠിപ്പിച്ചവൻ; അവനറിയാത്തത് അഭ്യസിപ്പിച്ചവൻ.'

അങ്ങനെ ദൈവം മുഹമ്മദിനെ തന്റെ ദൂതനായി തെരഞ്ഞെടുത്തു. ഒരിക്കൽ കൂടി ഉപരിലോകം ഭൂമിയുമായി സംഗമിച്ചു. മനുഷ്യമനസ്സിലേക്ക് ദിവ്യസന്ദേശങ്ങൾ പ്രവഹിച്ചു. ദൈവത്തിന് മനുഷ്യരാശിക്കു നൽകാനുള്ള അന്ത്യസന്ദേശം. അന്നോളം കച്ചവടക്കാരനും ഭർത്താവും കുടുംബനാഥനും മാത്രമായ മുഹമ്മദ് ദൈവദൂതനായി മാറുകയായിരുന്നു. ഹിറാഗുഹയിൽനിന്ന് ലഭിച്ച വേദ വെളിച്ചവും ചുണ്ടുകളിൽ ദിവ്യവചനങ്ങളുമായി അദ്ദേഹം വീട്ടിൽ തിരിച്ചെത്തി.



തുടർന്ന് നീണ്ട ഇരുപത്തിമൂന്ന് വർഷം നബിതിരുമേനിക്ക് ദിവ്യസന്ദേശങ്ങൾ ലഭിച്ചുകൊണ്ടിരുന്നു. അങ്ങനെ അദ്ദേഹത്തിലൂടെ അവതീർണമായ ദൈവിക ഗ്രന്ഥമാണ് വിശുദ്ധഖുർആൻ. മനുഷ്യരാശിക്കു ലഭിച്ച ദൈവത്തിന്റെ ഏറ്റവും വലിയ അനുഗ്രഹവും ആ ഗ്രന്ഥം തന്നെ.

## സമഗ്ര വിപ്ലവം

കാലം നിരവധി മഹാന്മാരെ കണ്ടിട്ടുണ്ട്. രാഷ്ട്രീയ നേതാക്കൾ, ഭരണാധികാരികൾ, പണ്ഡിതന്മാർ, പ്രതിഭാശാലികൾ, കലാകാരന്മാർ, സാഹിത്യകാരന്മാർ, മതനേതാക്കൾ, തത്ത്വചിന്തകന്മാർ, ശാസ്ത്രജ്ഞർ, സാങ്കേതികവിദഗ്ധർ.... മഹാന്മാരുടെ പട്ടിക ഇനിയും നീട്ടാം. അവരിൽ ചിലർ ചരിത്രത്തെ നിർണായകമായി സ്വാധീനിച്ചിട്ടുമുണ്ട്.

എന്നാൽ മുഹമ്മദ് നബി അവരിൽ നിന്നെല്ലാം തീർത്തും വ്യത്യസ്തനായി നിലകൊള്ളുന്നു. അദ്ദേഹത്തിന് സമാനതകളോ ഉദാഹരണങ്ങളോ ഇല്ല. എത്ര വലിയ മഹാന്മാർക്കും ജീവിതത്തിന്റെ ചില വശങ്ങളിൽ മാത്രമാണ് മാറ്റമുണ്ടാക്കാൻ കഴിഞ്ഞത്. മാനവ ജീവിതത്തിന്റെ മുഴുമേഖലകളിലും സമഗ്രമായ വിപ്ലവം സൃഷ്ടിച്ച ഒരൊറ്റ വ്യക്തിയേ ചരിത്രത്തിലുണ്ടായിട്ടുള്ളൂ. അത് അല്ലാഹുവിന്റെ അന്ത്യദൂതനായ മുഹമ്മദ് നബിയാണ്.ശീലിച്ചുവന്ന ജീവിത ശൈലിയും പരിചയിച്ചുപോന്ന പാരമ്പര്യങ്ങളും ആചരിച്ചുകൊണ്ടിരിക്കുന്ന ചര്യകളും ഏതൊരു മനുഷ്യന്റെയും ഏറ്റവും വലിയ ദൗർബല്യമാണ്. അതിൽനിന്ന് രക്ഷപ്പെടുക ഒട്ടും എളുപ്പമല്ല. ഈ രംഗത്ത് മുഹമ്മദ് നബി വരിച്ച വിജയം വിസ്മയകരമത്രെ. ആറാം നൂറ്റാണ്ടിൽ അറേബ്യൻ സമൂഹത്തിൽ അള്ളിപ്പിടിച്ചിരുന്ന അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും അദ്ദേഹം അറുതിവരുത്തി. കല്ലുകളുടെയും മരക്കുറ്റികളുടെയും മുമ്പിൽ തലകുനിച്ചിരുന്ന അവരെ ഏകനായ ദൈവത്തിന്റെ സന്നിധിയിൽ മാത്രം ശിരസ്സ് നമിക്കുന്നവരാക്കി.

തിന്നും കുടിച്ചും ഭോഗിച്ചും മദിച്ചും സുഖിച്ചും ഉല്ലസിച്ചും തീർക്കാനുള്ളതാണ് ജീവിതമെന്ന് വിശ്വസിച്ചിരുന്ന ഒരു ജനസമൂഹത്തെ മരണാനന്തര ജീവിത വിജയമാണ് യഥാർഥ വിജയമെന്ന് പഠിപ്പിച്ചു. അരാജക ജീവിതത്തിന് വിരാമമിട്ട് അവരെ ക്രമങ്ങളുടെയും വ്യവസ്ഥകളുടെയും അതിരടയാളങ്ങളിൽ ഒതുങ്ങിക്കഴിയുന്നവരാക്കി മാറ്റി.

ജീവിതത്തിന്റെ മൗലികാവശ്യങ്ങളിലൊന്നായി മദ്യത്തെ എണ്ണിയിരുന്ന അറേബ്യൻ ജനതയെ മദ്യമൊഴിച്ച പാത്രംപോലും ഉപയോഗി

ക്കാത്തവരും മദ്യംവിളമ്പുന്ന സദസ്സ് ബഹിഷ്കരിക്കുന്നവരുമാക്കി മാറ്റി.

അശ്ലീലതക്കും നിർലജ്ജതക്കും ലൈംഗിക അരാജകത്വത്തിനും അടിപ്പെട്ട് വ്യത്തിഹീനമായ ജീവിതം നയിച്ചിരുന്ന സമകാലിക സമൂഹത്തെ കർക്കശമായ സദാചാര നിയമങ്ങൾ കൃത്യമായി പാലിച്ച് വിശുദ്ധജീവിതം നയിക്കുന്നവരാക്കി. ദുർബലനിമിഷത്തിൽ സംഭവിക്കുന്ന വീഴ്ചകൾ തുറന്നുപറഞ്ഞ് ശിക്ഷ ഏറ്റുവാങ്ങാൻ തിടുക്കം കൂട്ടുമാറ് ആത്മസംസ്കരണവും ശിക്ഷണവും നേടിയവരാക്കിത്തീർത്തു.

കുടുംബകലഹത്തിന്റെയും ഗോത്രമാത്സര്യത്തിന്റെയും ഇടുങ്ങിയ ലോകത്തുനിന്ന് അവരെ മോചിപ്പിച്ച് ഏകലോക വീക്ഷണത്തിന്റെ വക്താക്കളാക്കി. പകയുടെയും പാരുഷ്യത്തിന്റെയും പ്രാകൃതചിന്തക്കുപകരം സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും വികാരങ്ങൾ വളർത്തിയെടുത്തു. സ്വാർഥവികാരങ്ങൾക്ക് അറുതി വരുത്തി സാഹോദര്യബോധം ഉത്തേജിപ്പിച്ചു. അക്രമത്തിന്റെയും അനീതിയുടെയും ഇരുണ്ട ലോകത്തുനിന്ന് അവരെ സമാധാനത്തിന്റെയും നീതിയുടെയും വെളിച്ചത്തിലേക്കു നയിച്ചു.

അടിമകളെയും ഉടമകളെയും മേലാളന്മാരെയും കീഴാളരെയും സൃഷ്ടിച്ചിരുന്ന സാമൂഹിക അസമത്വത്തിന്റെയും ഉച്ചനീചത്വത്തിന്റെയും അവസാനത്തെ അടയാളം പോലും തുടച്ചു നീക്കി. എത്യോപ്യക്കാരനായ ബിലാലും റോമക്കാരനായ സ്വുഹൈബും പേർഷ്യക്കാരനായ സൽമാനും മക്കക്കാരനായ അബൂബക്റും മദീനക്കാരനായ സഅ്ദും ഒരേ സമൂഹത്തിലെ സമന്മാരായ അംഗങ്ങളും തുല്യ പൗരന്മാരുമായി മാറി. ഒരുകാലത്ത് നീഗ്രോ അടിമയും എത്യോപ്യക്കാരനുമായ ബിലാൽ ഉന്നതകുലജാതരായ ഖുറൈശികളെക്കാൾ മഹിതമായ പദവിയിലെത്തി. പ്രവാചകൻ നയിച്ച വിപ്ലവത്തിന്റെ വിജയപ്രഖ്യാപനം നടത്താൻ തെരഞ്ഞെടുക്കപ്പെട്ടതുപോലും അദ്ദേഹമാണ്.

ഇവ്വിധം മുഹമ്മദ് നബി ഇരുപത്തിമൂന്നുവർഷത്തെ നിരന്തരയത്നത്തിലൂടെ മുഴുജീവിതത്തിലും സമൂലമായ മാറ്റം സംഭവിച്ച ഒരു സമൂഹത്തെ വാർത്തെടുത്തു. ഒട്ടകത്തിന്റെ മൂക്കുകയർ പിടിച്ചു നടന്നിരുന്ന അറബികളെ ലോകത്തിന്റെ കടിഞ്ഞാൺ പിടിക്കുന്നവരാക്കി പരിവർത്തിപ്പിച്ചു. അന്ധവിശ്വാസികളെ സത്യവിശ്വാസികളും നിരക്ഷരരെ സാക്ഷരരും പ്രാകൃതരെ പരിഷ്കൃതരും കാട്ടാളരെ നാഗരികരും പരുഷ പ്രകൃതരെ പരമ ദയാലുക്കളും ക്രൂരരെ കരുണാർദ്രരും പരാക്രമികളെ പരോപകാരികളും ഭീരുക്കളെ ധീരന്മാരുമാക്കി.



അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും അക്രമങ്ങൾക്കും അനീതികൾക്കും അറുതിവരുത്തി. സാമൂഹിക അസമത്വവും സാംസ്കാരിക ജീർണതയും രാഷ്ട്രീയ അടിമത്തവും ധാർമികത്തകർച്ചയും സാമ്പത്തിക ചൂഷണവും ഇല്ലാതാക്കി. അടിമകളുടെയും അധഃസ്ഥിതരുടെയും നില മെച്ചപ്പെടുത്തി. അഗതികൾക്കും അനാഥർക്കും അവശർക്കും അശരണർക്കും ആശ്വാസമേകി. സ്ത്രീകളുടെ പദവി ഉയർത്തി. കുട്ടികൾക്ക് മുന്തിയ പരിഗണന നൽകി. തൊഴിലാളികൾക്ക് മാന്യത നേടിക്കൊടുത്തു. പാവപ്പെട്ടവർക്ക് പരിരക്ഷ നൽകി. വ്യക്തിജീവിതത്തെ വിശുദ്ധവും കുടുംബഘടനയെ ഭദ്രവും സമൂഹത്തെ സംസ്കൃതവും രാഷ്ട്രത്തെ ക്ഷേമപൂർണവുമാക്കി. കിടയറ്റ സംസ്കാര-നാഗരികതകൾക്ക് ജന്മം നൽകി. അന്ന് പ്രവാചകൻ വളർത്തിയെടുത്ത സമൂഹത്തോളം മാതൃകാപരമായ ഒന്ന് അതിനു മുമ്പോ ശേഷമോ ലോകത്തുണ്ടായിട്ടില്ല. ആ സമൂഹത്തിന്റെ തുടർച്ചയാണ് ഇന്ന് ലോകമെങ്ങുമുള്ള ഇസ്‌ലാമികസമൂഹം. എന്നാൽ പ്രവാചകൻ വളർത്തിയെടുത്ത സമൂഹത്തിന്റെ ജീർണത ബാധിച്ച തുടർച്ചയാണിതെന്ന് പറയേണ്ടി വരും. പ്രവാചകനെ പിന്തുടരുന്നതിൽ സംഭവിച്ച വീഴ്ചയാണ് അതിന് കാരണം.

## നിസ്തുല മാതൃക

മുഹമ്മദ് നബിയുടെ മനസ്സ് നിറയെ സമൂഹത്തോടുള്ള സ്നേഹവാത്സല്യങ്ങളായിരുന്നു. അവർക്ക് എന്തെങ്കിലും വിപത്തുവരുന്നത് അദ്ദേഹത്തെ അത്യധികം പ്രയാസപ്പെടുത്തി. ജനം സന്മാർഗം സ്വീകരിക്കാതെ പാപത്തിന്റെ പാഴ്ചേറിലമർന്ന് നശിക്കുന്നത് സഹിക്കാൻ നബിക്കായില്ല. അവരെക്കുറിച്ച ആകുല ചിന്ത അദ്ദേഹത്തെ ആത്മനാശത്തോളമെത്തിച്ചു. അല്ലാഹു അതേക്കുറിച്ച് അദ്ദേഹത്തിന് മുന്നറിയിപ്പു നൽകി: "അവർ വിശ്വാസികളായില്ലല്ലോ എന്നോർത്ത് ദുഃഖിതനായി നീ നിന്റെ ജീവനൊടുക്കിയേക്കാം." *(ഖുർആൻ: 26:3)*

തന്നെ കഠിനമായി ദ്രോഹിച്ചവർപോലും ദുർമാർഗികളായി ദുരിതത്തിലകപ്പെടരുതെന്ന് അദ്ദേഹം ആത്മാർഥമായി അഭിലഷിച്ചു. മക്കയിൽ ജീവിതം ദുസ്സഹമായപ്പോൾ അഭയം തേടിയാണ് അദ്ദേഹം ത്വാഇഫിലെത്തിയത്. അവിടത്തുകാർ അഭയം നിഷേധിക്കുക മാത്രമല്ല, കഠിനമായി മർദിക്കുകയും ആട്ടിയോടിക്കുകയും ചെയ്തു. എന്നിട്ടും അവരെ ശിക്ഷിക്കാൻ പ്രവാചകൻ അനുമതി നൽകിയില്ല. അവരുടെ

രക്ഷക്കായി പ്രാർഥിക്കുകയാണ് ചെയ്തത്.

തന്നെയും അനുയായികളെയും കഠിനമായി പീഡിപ്പിക്കുകയും നാട്ടിൽനിന്ന് ആട്ടിയോടിക്കുകയും അമ്പെയ്ത് തന്റെ പല്ല് പൊട്ടിക്കുകയും തന്റെ ഉറ്റവരെ കൊന്നൊടുക്കുകയും ചെയ്ത കൊടിയ ശത്രുക്കൾ പോലും പട്ടിണികിടക്കുന്നതും പ്രയാസപ്പെടുന്നതും അദ്ദേഹത്തെ അത്യധികം അലോസരപ്പെടുത്തി. ഹിജ്‌റ അഞ്ചാംവർഷം മക്കയിൽ കടുത്ത പട്ടിണി. പണക്കാർ പോലും പ്രയാസപ്പെട്ടു. അന്ന് അവിടെ ഉണ്ടായിരുന്നവരെല്ലാം നബിയുടെ ബദ്ധവൈരികളായിരുന്നു. എന്നിട്ടും നബി മദീനയിൽനിന്ന് ധാരാളം ധാന്യം ശേഖരിച്ച് അംറുബ്നു ഉമയ്യ വശം മക്കയിലേക്ക് കൊടുത്തയച്ചു.

സ്വയം കാരുണ്യത്തിന്റെ നിറകുടമാവുകമാത്രമല്ല, അനുയായികളെ അവ്വിധം വളർത്തിയെടുക്കാനും അദ്ദേഹം ശ്രമിച്ചു. യമനിലെ യമാമ ഗോത്രക്കാരനായ സുമാമ ഇസ്‌ലാം സ്വീകരിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: 'മക്കക്കാർ നബിയോടുള്ള ശത്രുത ഉപേക്ഷിക്കുന്നതുവരെ അവിടേക്ക് യമനിൽനിന്ന് ഒരുമണി ധാന്യം പോലും കൊണ്ടുപോകാൻ അനുവദിക്കുകയില്ല.' വിവരമറിഞ്ഞ പ്രവാചകന്റെ പ്രതികരണം ഇതായിരുന്നു. 'അരുത് സുമാമ! തന്നെ തള്ളിപ്പറയുന്നവരോടുപോലും ഔദാര്യം കാണിക്കുന്നവനാണ് ദൈവം. നാമും അവന്റെ ഗുണമാണ് ഉൾക്കൊള്ളേണ്ടത്. അതിനാൽ ശത്രുക്കളോടും കരുണ കാണിക്കുക.'

പ്രതികാരമല്ല, വിട്ടുവീഴ്ചയാണ് വിജയത്തിന് വഴിയൊരുക്കുകയെന്ന് നബിതിരുമേനി പഠിപ്പിച്ചു. തന്നെ വധിക്കാൻ വാളൂരിയവന്റെ കഥകഴിക്കാനവസരം ലഭിച്ചിട്ടും മാപ്പുനൽകി വിട്ടയച്ചു. ശരീരത്തിൽ എന്നും ചപ്പുചവറിട്ടുകൊണ്ടിരുന്ന ജൂതപ്പെൺകുട്ടിക്ക് മാപ്പ് നൽകുകയും അവൾ രോഗബാധിതയായപ്പോൾ അനുയായികളോടൊന്നിച്ച് സന്ദർശിച്ച് രോഗശമനത്തിന് പ്രാർഥിക്കുകയും ചെയ്തു. വിഷം പുരട്ടിയ വാളുമായി കൊല്ലാൻ വന്ന ഉമൈറുബ്നു വഹബിനും അയാളെ അതിനു നിയോഗിച്ച സ്വഫ്‌വാനുബ്നു ഉമയ്യക്കും മാപ്പേകി വെറുതെ വിട്ടു. ഒടുവിൽ മക്കാ വിജയവേളയിൽ തന്റെ മുമ്പിൽ ബന്ദികളായി കൊണ്ടുവരപ്പെട്ട ശത്രുക്കളോടായി പ്രവാചകൻ പറഞ്ഞു: 'ഇന്ന് നിങ്ങൾക്കെതിരെ പ്രതികാരമില്ല. നിങ്ങൾ പോകൂ! നിങ്ങളെല്ലാം സ്വതന്ത്രരാണ്.'

മറിച്ചൊരു നിലപാട് സ്വീകരിക്കാൻ അദ്ദേഹത്തിന് സാധ്യമാ



കുമായിരുന്നില്ല. പ്രകൃത്യാതന്നെ അത്രയേറെ ദയാമയനായിരുന്നു അദ്ദേഹം. പ്രവാചകത്വ ലബ്ധിയുടെ വേളയിൽ അസ്വസ്ഥനായ നബി തിരുമേനിയെ ആശ്വസിപ്പിച്ചുകൊണ്ട് പ്രിയതമ ഖദീജ പറഞ്ഞ വാക്കുകൾ ഇക്കാര്യം വ്യക്തമാക്കുന്നു: 'അല്ലാഹു ഒരിക്കലും അങ്ങയെ അപമാനിക്കുകയില്ല. അങ്ങ് കുടുംബബന്ധം ചേർക്കുന്നു. സത്യം മാത്രം പറയുന്നു. അശരണരെ സഹായിക്കുന്നു. അതിഥികളെ സൽക്കരിക്കുന്നു. ഒരു തെറ്റും ചെയ്യുന്നുമില്ല.'

മുഹമ്മദ് നബി സദാ നിലയുറപ്പിച്ചത് മർദിതരുടെയും പീഡിതരുടെയും കൂടെയാണ്. വളരെ പ്രതികൂലമായ സാഹചര്യത്തിൽ പോലും കരുത്തനായ എതിരാളി അബൂജഹ്‌ലിൽനിന്ന് ഇറശ് ഗോത്രത്തിലെ ഇബ്നുൽ ഗൗസിന് അയാളുടെ അവകാശം വാങ്ങിക്കൊടുക്കാൻ പ്രവാചകനെ പ്രേരിപ്പിച്ചത് ആ വിശാല മനസ്സിന്റെ അതിരുകളില്ലാത്ത ആർദ്രതയായിരുന്നു. ഒരു ഗ്രാമീണൻ സ്വന്തം മകളെ ജീവനോടെ കുഴിച്ചുമൂടിയ കഥ വിവരിച്ചുകേട്ടപ്പോൾ കണ്ണീർവാർത്ത നബി എക്കാലവും സ്ത്രീകളുടെയും കുട്ടികളുടെയും അവകാശ സംരക്ഷണത്തിനായി നിലകൊണ്ടു. യുദ്ധത്തിൽ ശത്രുക്കളുടെ കുട്ടികൾ കൊല്ലപ്പെട്ട വാർത്ത കേട്ട് കരളലിഞ്ഞ പ്രവാചകൻ പറഞ്ഞു: 'യുദ്ധത്തിലായാലും സ്ത്രീകളെയും കുട്ടികളെയും വൃദ്ധരെയും നിരായുധരെയും ആരാധനകളിൽ മുഴുകിക്കഴിയുന്നവരെയും ദ്രോഹിക്കുകയോ വധിക്കുകയോ അരുത്.'

ജന്മനാടായ മക്കവിട്ട് മദീനയിലേക്ക് പലായനം ചെയ്യുമ്പോഴും മക്കയിലെ മർദകരായ തന്റെ എതിരാളികളോട് അദ്ദേഹം ഉറ്റ സൗഹൃദം നിലനിർത്തി. അതിനാലാണ് അപ്പോഴും അവർ തങ്ങളുടെ സ്വത്ത് സൂക്ഷിക്കാൻ അദ്ദേഹത്തെ ഏൽപിച്ചിരുന്നത്. ഹിജ്‌റ വേളയിൽ അതവർക്ക് തിരിച്ചുകൊടുക്കാൻ തികഞ്ഞ ജാഗ്രത പുലർത്തുകയും ചെയ്തു. അതിനായി പിതൃവ്യ പുത്രൻ അലിയെ അവിടെ നിർത്തി.

ഇക്കാരണങ്ങളാലാണ് കൊടിയ ശത്രുക്കൾ പോലും അദ്ദേഹത്തെ അങ്ങേയറ്റം ആദരിക്കുകയും വ്യക്തിപരമായി കുറ്റപ്പെടുത്താതിരിക്കുകയും ചെയ്തത്. റോമാ ഭരണാധികാരി ഹെറാക്ലിയസ് മുഹമ്മദ് നബിയെ സംബന്ധിച്ച് ചോദിച്ചപ്പോൾ ശത്രുക്കളുടെ നേതാവായിരുന്ന അബൂസുഫ്‌യാനു പോലും ഒരു കുറ്റവും പറയാനുണ്ടായിരുന്നില്ല.

പ്രവാചകന്റെ കാരുണ്യവും സ്നേഹവും ഭൂമിയിലെ ജീവജാലങ്ങളിലേക്കും പരന്നൊഴുകി. തന്റെ അനുയായികൾ പക്ഷിക്കു

ഞ്ഞിനെ എടുത്തുകൊണ്ടുവന്നപ്പോൾ കരഞ്ഞുകൊണ്ടു വട്ടമിട്ടുപറന്ന തള്ളപ്പക്ഷിക്ക് അതിനെ തിരിച്ചുകൊടുക്കാൻ കൽപിച്ച പ്രവാചകൻ, അവർ തണുപ്പകറ്റാൻ തീകത്തിച്ചപ്പോൾ അത് പടർന്നുപിടിച്ച് ഉറുമ്പുകൾ കരിയുമെന്നതിനാൽ അത് കെടുത്താൻ നിർദേശിച്ചു. ദാഹിച്ച നായക്ക് വെള്ളം കൊടുക്കുന്നത് പാപമോചനത്തിന് കാരണമാകുമെന്നും പൂച്ചയെ കെട്ടിയിട്ട് പട്ടിണിക്കിടുന്നത് കൊടിയ കുറ്റമാണെന്നും പഠിപ്പിച്ച നബിതിരുമേനി കരയുന്ന ഒട്ടകത്തിന്റെ കണ്ണുനീർ തുടച്ചു കൊണ്ട് അതിന്റെ ഉടമയോടു പറഞ്ഞു: 'ഈ ഒട്ടകത്തിന്റെ കാര്യത്തിൽ താങ്കൾ അല്ലാഹുവെ ഭയപ്പെടുന്നില്ലേ? അല്ലാഹു അതിനെ നമ്മെ ഏൽപിച്ചത് നന്നായി സംരക്ഷിക്കാനാണ്. ഒട്ടകത്തെ പരിപാലിച്ചു പോറ്റുന്നവർക്കേ അതിനെ ഉപയോഗപ്പെടുത്താൻ അവകാശമുള്ളൂ.'

അനാവശ്യമായി മരത്തിന് കല്ലെറിയരുതെന്നും അതിനുവേദനിക്കുമെന്നും ഓർമിപ്പിച്ച പ്രവാചകൻ മക്കാ നഗരത്തോടും ഉഹുദ് മലയോടുമെല്ലാമുള്ള തന്റെ അകംനിറഞ്ഞ സ്നേഹം പ്രകടിപ്പിക്കാൻ ഒട്ടും പിശുക്ക് കാട്ടിയില്ല.

ദൈവത്തിന്റെ അന്ത്യദൂതനും സമൂഹത്തിന്റെ നായകനും രാഷ്ട്രത്തിന്റെ ഭരണാധികാരിയുമെല്ലാമായിരുന്നിട്ടും മുഹമ്മദ് നബി ജനങ്ങളുടെ കൂടെ അവരിൽ ഒരുവനായി ജീവിച്ചു. അദ്ദേഹത്തിന് സ്ഥാന വസ്ത്രങ്ങളോ സിംഹാസനമോ പ്രത്യേക ഇരിപ്പിടമോ ഉണ്ടായിരുന്നില്ല. അപരിചിതർ വന്നാൽ തിരിച്ചറിയാത്ത വിധം അനുയായികൾക്കിടയിൽ അവരോടൊന്നിച്ചാണ് ഇരുന്നിരുന്നത്. താൻ വരുമ്പോൾ എഴുന്നേറ്റ് നിൽക്കരുതെന്നും അദ്ദേഹം നിഷ്കർഷിച്ചു. അവരോടൊപ്പം യാത്ര ചെയ്യുകയും കിടങ്ങു കുഴിക്കുന്നതിലും ഭക്ഷണം പാകം ചെയ്യുന്നതിലും പങ്കാളിയാവുകയും ചെയ്തു. അതുകൊണ്ടാണ് അദ്ദേഹത്തിന് അവരിൽ സമൂലമായ മാറ്റം വരുത്താൻ സാധിച്ചത്. സാമൂഹിക പരിവർത്തനത്തിന് നബി സ്വീകരിച്ച മാർഗം സൗമ്യതയുടേതായിരുന്നു. അല്ലാഹു അറിയിക്കുന്നു: "അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടാണ് നീ അവരോട് സൗമ്യനായത്. നീ പരുഷ പ്രകൃതനും കഠിന ഹൃദയനുമായിരുന്നെങ്കിൽ നിന്റെ ചുറ്റുനിന്ന് അവരൊക്കെയും പിരിഞ്ഞുപോകുമായിരുന്നു. അതിനാൽ നീ അവർക്കു മാപ്പേകുക. അവരുടെ പാപമോചനത്തിനായി പ്രാർഥിക്കുക. കാര്യങ്ങൾ അവരുമായി കൂടിയാലോചിക്കുക. അങ്ങനെ നീ തീരുമാനമെടുത്താൽ അല്ലാഹുവിൽ ഭരമേൽപി



ക്കുക." *(ഖുർആൻ: 3: 159)*

ഇങ്ങനെ എക്കാലത്തെയും എവിടത്തെയും ഏതുജനവിഭാഗത്തിനും അനുകരണീയ മഹിതമാതൃകകൾ മുഴുജീവിത മേഖലയിലും സമർപ്പിക്കാൻ നബിക്കു സാധിച്ചു. മാനവ ചരിത്രത്തിലെ അതുല്യ വ്യക്തിയായി അദ്ദേഹം മാറാനുള്ള കാരണവും അതുതന്നെ.

## നിത്യസാന്നിധ്യം

ഖുർആൻ ഇംഗ്ലീഷ്ഭാഷയിലേക്ക് പരിഭാഷപ്പെടുത്തിയ ആദ്യത്തെ മുസ്‌ലിം മുഹമ്മദ് മർമഡ്യൂക്ക് പിക്താളാണ്. അദ്ദേഹം ബ്രിട്ടീഷ് ഗവൺമെന്റിന്റെ ഉദ്യോഗസ്ഥനായി മധ്യപൂർവദേശത്ത് താമസിച്ചുവരികയായിരുന്നു. ഒരു ദിവസം വിചിത്രമായ ഒരു സംഭവമുണ്ടായി. പിക്താൾ താമസിക്കുന്ന ഫ്ളാറ്റിന്റെ തൊട്ടുമുമ്പിലെ വീട്ടിൽനിന്ന് ഒരു ബഹളം കേട്ടു. തിരിഞ്ഞുനോക്കിയപ്പോൾ വീട്ടുടമ ആരോഗ്യവാനായ ഒരു ചെറുപ്പക്കാരനെ രൂക്ഷമായി ആക്ഷേപിക്കുകയും ക്രൂരമായി അടിക്കുകയും ചെയ്യുന്നതാണ് കണ്ടത്. യുവാവ് പകരം എന്തെങ്കിലും പറയുകയോ തിരിച്ചടിക്കുകയോ ചെയ്യുന്നില്ല. ഇതിൽ അത്ഭുതം തോന്നിയ പിക്താൾ ആ ചെറുപ്പക്കാരനെ അടുത്തു വിളിച്ച് കാര്യം അന്വേഷിച്ചു.

"ഞാൻ അദ്ദേഹത്തോട് അൽപം പണം കടം വാങ്ങിയിരുന്നു. നിശ്ചിത അവധിക്ക് തിരിച്ചുനൽകാൻകഴിഞ്ഞില്ല. അതിനാലാണ് അദ്ദേഹം എന്നെ ശകാരിച്ചതും അടിച്ചതും"- ആ യുവാവ് സംഭവം വിശദീകരിച്ചു.

"നിനക്ക് അയാളേക്കാൾ ആരോഗ്യമില്ലേ? എന്നിട്ടും എന്തിനാണ് കൈയും കെട്ടി അടികൊള്ളുന്നത്? അങ്ങോട്ടും തിരിച്ചടിച്ചുകൂടേ?" പിക്താൾ ചോദിച്ചു.

"കടം വാങ്ങിയാൽ നിശ്ചിത അവധിക്ക് തിരിച്ചുനൽകണമെന്ന് മുഹമ്മദ് നബി കൽപിച്ചിരിക്കുന്നു. കരാർ പാലിക്കണമെന്ന് പ്രത്യേകം നിഷ്കർഷിക്കുകയും ചെയ്തിരിക്കുന്നു. ഞാൻ കരാർ ലംഘിച്ചിരിക്കുന്നു.അതൊരു തെറ്റ്. എന്നേക്കാൾ പ്രായമുള്ള ആളെ അടിച്ച് രണ്ടാമതൊരു തെറ്റും കൂടി ചെയ്യുകയോ? അതൊക്കെയും നബിതിരുമേനി വിലക്കിയ കാര്യമാണ്."

ആ യുവാവിന്റെ ഈ വാക്കുകൾ പിക്താളിനെ അത്ഭുതസ്തബ്ധനാക്കി. നൂറ്റാണ്ടുകൾക്കപ്പുറം കടന്നുപോയ മുഹമ്മദ് സാധാരണക്കാരനായ ഒരു ചെറുപ്പക്കാരനെ ഇത്രയേറെ സ്വാധീനിക്കുകയോ?

ഈ ചിന്ത പിക്താളിനെ പ്രവാചകനെപ്പറ്റി പഠിക്കാൻ പ്രേരിപ്പിക്കുകയായിരുന്നു. അങ്ങനെയാണ് ഇസ്‌ലാമിനെക്കുറിച്ച് അഗാധമായി പഠിച്ചതും ഇസ്‌ലാം സ്വീകരിച്ചതും.

ലോകമെങ്ങുമുള്ള മുസ്‌ലിം ജനകോടികളുടെ നിത്യജീവിതത്തിൽ പ്രവാചകൻ ചെലുത്തുന്ന സ്വാധീനം ആരിലും അത്ഭുതമുളവാക്കുംവിധം അത്യഗാധവും ഏറെ വ്യാപകവുമത്രെ.

കാലം നിരവധി നേതാക്കളെയും വിപ്ലവകാരികളെയും പണ്ഡിതന്മാരെയും പ്രതിഭാശാലികളെയും കണ്ടിട്ടുണ്ട്. ഗാന്ധിജി, നെഹ്റു, കാറൽമാർക്സ്, ഏംഗൽസ്, ലെനിൻ, റസ്സൽ, ഐൻസ്റ്റീൻ തുടങ്ങിയവർ അവരിൽ ചിലരാണ്. ഇവരെയും ഇവരെപ്പോലുള്ള നൂറുകണക്കിന് നേതാക്കളെയും വിശദമായി പരിചയപ്പെടുത്തുന്ന ജീവചരിത്രഗ്രന്ഥങ്ങൾ ലോകത്തിലെ വിവിധ ഭാഷകളിലുണ്ട്. എന്നിട്ടും ഗാന്ധിജി ഏതുവശത്തേക്ക് ചെരിഞ്ഞു കിടന്നാണ് ഉറങ്ങിയിരുന്നത്; നെഹ്റു മൂത്രപ്പുരയിൽ പ്രവേശിക്കുമ്പോൾ ഏതു കാലാണ് ആദ്യം എടുത്തുവെച്ചിരുന്നത്; കാറൽമാർക്സ് മുടി ചീകിവെച്ചത് എങ്ങനെയായിരുന്നു; ബർട്രാന്റ് റസ്സൽ വസ്ത്രം ധരിച്ചിരുന്നത് എവ്വിധമായിരുന്നു; ഐൻസ്റ്റീൻ പല്ലുതേച്ചിരുന്നത് എന്തുകൊണ്ടായിരുന്നു തുടങ്ങിയ കാര്യങ്ങളൊന്നും ആർക്കും അറിയുകയില്ല. എന്നാൽ മുഹമ്മദ് നബിയുടെ പ്രവാചകത്വത്തിനുശേഷമുള്ള ഇരുപത്തിമൂന്നു വർഷത്തെ ജീവിതത്തിലെ ഇത്തരം എല്ലാ വിശദാംശങ്ങളും ലഭ്യമാണ്. പതിനായിരക്കണക്കിന് ഹദീസുകളിൽ അവയെല്ലാം വളരെ സൂക്ഷ്മമായും കണിശമായും സത്യസന്ധമായും രേഖപ്പെട്ടുകിടക്കുന്നുണ്ട്.

നമ്മുടെ നാട്ടിൽ ലക്ഷക്കണക്കിന് ഗാന്ധിശിഷ്യന്മാരും ഭക്തരുമുണ്ട്. എന്നാൽ ഗാന്ധിജി നടന്നതുപോലെ നടക്കണമെന്നോ കിടന്നതുപോലെ കിടക്കണമെന്നോ ഇരുന്നതുപോലെ ഇരിക്കണമെന്നോ സംസാരിച്ചതുപോലെ സംസാരിക്കണമെന്നോ ജീവിച്ചപോലെ ജീവിക്കണമെന്നോ നിഷ്കർഷ പുലർത്തുന്ന ആരെയും എവിടെയും കാണാനാവില്ല. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി കോടിക്കണക്കിന് കമ്യൂണിസ്റ്റുകാരുണ്ടെങ്കിലും കാറൽമാർക്സിനെപ്പോലെ ജീവിക്കാൻ തിടുക്കം കാണിക്കുന്ന ആരുമില്ല. യേശുവിന്റെയും ശ്രീരാമന്റെയും ശ്രീകൃഷ്ണന്റെയുമൊക്കെ അനുയായികളുടെ അവസ്ഥയും ഇതുതന്നെ.

എന്നാൽ, ലോകമെങ്ങുമുള്ള മുസ്‌ലിംകൾക്ക് മുഹമ്മദ് നബി



യുമായുള്ള ബന്ധം ഇതിൽനിന്നെല്ലാം തീർത്തും വ്യത്യസ്തമാണ്. അതിനു സമാനതകളില്ല. കഴിഞ്ഞ പതിനാലിലേറെ നൂറ്റാണ്ടുകളായി കോടിക്കണക്കിനു വിശ്വാസികൾ ജീവിതത്തിലുടനീളം വളരെ കണിശതയോടെയും സൂക്ഷ്മതയോടെയും അനുധാവനം ചെയ്യുന്നത് ആ മഹദ്ജീവിതത്തെയാണ്. നടത്തത്തിലും കിടത്തത്തിലും ഉറക്കത്തിലും ഉണർച്ചയിലും സ്വഭാവത്തിലും പെരുമാറ്റത്തിലും സമീപനത്തിലും സമ്പ്രദായത്തിലും സംസാരത്തിലും ചിന്തയിലും കേൾവിയിലും കാഴ്ചയിലും ആരാധനയിലും ആചാരങ്ങളിലും പ്രാർഥനകളിലും കീർത്തനങ്ങളിലുമെല്ലാം പ്രവാചകനെ പിന്തുടരാൻ അവർ വെമ്പൽ കൊള്ളുന്നു. വികാര വിചാരങ്ങളിലും മുഖഭാവങ്ങളിലും തീനിലും കുടിയിലും പല്ലു തേക്കലിലും മലമൂത്രവിസർജനത്തിലും വരെ പ്രവാചകചര്യ സ്വീകരിക്കാൻ ജാഗ്രത പുലർത്തുന്നു. വ്യക്തിജീവിതവും വിവാഹവും വിവാഹമോചനവും കുടുംബജീവിതവും സാമൂഹിക ക്രമവും സാമ്പത്തിക ഇടപാടുകളും സാംസ്കാരിക നിലപാടുകളും രാഷ്ട്രീയക്രമവും ഭരണസംവിധാനവുമെല്ലാം നബിതിരുമേനിയുടെ നിർദേശങ്ങൾക്കനുരൂപമാകാൻ കണിശതയോടെ നിഷ്കർഷിക്കുന്നു. സഹധർമിണിയോടുള്ള സംസാരവും പെരുമാറ്റവും പോലും പ്രവാചക മാതൃകക്കനുസൃതമാകാൻ വിശ്വാസികൾ അതിയായി ആഗ്രഹിക്കുന്നു. ഇങ്ങനെ മുസ്‌ലിംകൾ മുഴുജീവിത മേഖലകളിലും പ്രവാചകമാതൃകകളും നിർദേശങ്ങളും പൂർണമായും പാലിക്കുന്നു. ലോകമെങ്ങുമുള്ള കോടിക്കണക്കിനു വിശ്വാസികളെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നത് മുഹമ്മദ് നബി തിരുമേനിയുടെ അദൃശ്യ സാന്നിധ്യമാണെന്നർഥം. അതുകൊണ്ടുതന്നെ അദ്ദേഹത്തെപ്പോലെ അനുകരിക്കപ്പെടുകയോ പിന്തുടരപ്പെടുകയോ ചെയ്യുന്ന മറ്റൊരു നേതാവിനെ എവിടെയും ആർക്കും കാണാനാവില്ല.

**ഈ മഹദ് ജീവിതത്തെ സംബന്ധിച്ച്**

**കൂടുതലറിയാൻ ബന്ധപ്പെടുക.**

**K.I.M. P.B.No:48.**
**I.S.T.Building. M.P.Road.**
**Kozhikkode. 673001**
**e-mail: kimcalicut@gmail.com**